DEPARTMENT OF CATECHESIS
ARCHDIOCESE OF ERNAKULAM – ANGAMALY

# 2024–2025 വിശ്വാസപരിശീലനവർഷം ഒന്നാം സെമസ്റ്റർ

# 10,11,12 ക്ലാസ്സുകളിലെ സാധ്യത പൊതുചോദ്യങ്ങൾ

1) ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങളുടെ വിശ്വാസത്തെ പ്രാവർത്തീകതലത്തിൽ എത്തിക്കുന്നതിനായി വിശ്വാസപരിശീലനം നിങ്ങളെ എത്രത്തോളം സഹായിക്കുന്നു എന്ന് വിവരിക്കുക.
2) നല്ല മാർക്ക് നേടിയ സ്റ്റീവിന് മൊബൈൽ ഫോൺ ഡാഡി സമ്മാനമായി നൽകി. സാവധാനം അവൻ കൂട്ടുകാരിൽ നിന്നും അകലുകയും പഠനത്തിൽ ശ്രദ്ധയില്ലാതാവുകയും ചെയ്തു. വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങളുടെ സോഷ്യൽ മീഡിയ ഉപയോഗവും സ്ക്രീൻ ടൈമും വിലയിരുത്തി സ്റ്റീവിനെ എങ്ങനെ സഹായിക്കാമെന്ന് വിശദീകരിക്കുക.
3) അനീതിയും അക്രമവും കൊടികുത്തിവാഴുന്ന ഇന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ നന്മയുള്ളവരും സത്യവും നീതിയും പാലിക്കുന്ന മനുഷ്യരുമായി നിങ്ങൾക്ക് എങ്ങനെ വളരാമെന്ന് വിശദീകരിക്കുക.
4) 2024 ജൂലൈ 30ന് വയനാട്ടിലെ ചൂരൽമലയിലും മുണ്ടക്കൈയിലും നടന്ന ദുരന്തത്തെക്കുറിച്ചുള്ള നിങ്ങളുടെ അറിവും ആകുലതകളും പങ്കുവയ്ക്കുക. ദുരന്തബാധിതരുടെ ആത്മീകവും ഭൗതികവുമായ പുനരധിവാസത്തിന് (Rehabilitation) എന്തെല്ലാം ചെയ്യാനാകുമെന്ന് ഒരു വിശ്വാസപരിശീലന വിദ്യാർത്ഥി എന്ന നിലയിൽ വിവരിക്കുക.
5) സാമൂഹ്യമാധ്യമങ്ങളെ ഈ കാലഘട്ടത്തിൽ എങ്ങനെ സുവിശേഷവൽക്കരണത്തിന് പ്രയോജനപ്പെടുത്താം? നിങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കുക.
6) മനുഷ്യന്റെ ജീവിത രീതികളെയും മനുഷ്യനെതന്നെയും മാറ്റിമറിക്കുന്ന ഒരു കണ്ടുപിടുത്തമാണ് മനുഷ്യ നിർമ്മിത ബുദ്ധി (Artificial Intelligence). ഉപയോഗിക്കുന്ന ആളുടെയും നിർമ്മിക്കുന്ന ആളുടെയും ഉള്ളിലുള്ള നന്മയെ ആശ്രയിച്ചാണ് നിർമ്മിത ബുദ്ധി അനുഗ്രഹവും ശാപവുമായി മാറുന്നത്. നിങ്ങളുടെ കാഴ്ചപ്പാടിൽ വിലയിരുത്തുക.
7) പ്രകൃതിയും മനുഷ്യനും ദൈവചൈതന്യവും ഏകീഭവിക്കുന്നിടത്ത് ജീവിതം ആഹ്ലാദപൂർണ്ണമാകും. എന്നാൽ വികസനത്തിന്റെ ചിറകിലേറി കുതിക്കുന്ന മനുഷ്യന് ഈ ചിന്തയുണ്ടോ? പ്രകൃതി സംരക്ഷണത്തിൽ ക്രൈസ്തവരായ നാം പുലർത്തേണ്ട മനോ ഭാവം എന്ത്? വിവരിക്കുക.

Renewal Centre, Kaloor, Kochi - 17, Ph : 0484 – 2346628
Mob: 9400343930; E-mail: catechismernakulam@gmail.com
Website: www.catechismernakulam.com